**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **07-06-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം-2019 (CRZ Notification 2019) പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan – CZMP) തയ്യാറാക്കുന്നതിന് 20.08.2019 ലെ സർക്കാർ ഉത്തരവ് GO(Rt) No. 80/19/Envt പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (National Centre for Earth Science Studies) ചുമതലപ്പെടുത്തിയിട്ടുണ്ട്. 10 തീരദേശ ജില്ലകളുടേയും ആദ്യ കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൻമേൽ പബ്ലിക് ഹിയറിംഗ് നടത്തിയതിനു ശേഷം പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും, പരാതികളും, നിർദ്ദേശങ്ങളും കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ അന്തിമ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കുന്നത്. ഇതിനായുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഇതു പ്രകാരം പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാവുക; വിശദമാക്കാമോ? | (ബി) | 18.01.2019 ലെ G.S.R No.37 (E) നം. വിജ്ഞാപന പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2011-ലെ തീരദേശപരിപാലന നിയമത്തിൽ ഭേദഗതി വരുത്തി തീരദേശ പരിപാലന വിജ്ഞാപനം 2019 പുറപ്പെടുവിച്ചിട്ടുണ്ട്.2019 CRZ വിജ്ഞാപനത്തിലെ clause 6(1) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ. തീരദേശ പരിപാലന വിജ്ഞാപനം 2019 പ്രകാരം ലഭിച്ച ഇളവുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

I. തീരദേശ നിയന്ത്രണ മേഖലയിൽ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം Floor Space Index/Floor Area Ratio (FSI/FAR) അനുവദിക്കുന്നു:-

2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനമനുസരിച്ച് CRZ II-ൽ ഉൾപ്പെടുന്ന നഗര പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് FSI/FAR 1991-ലെ DCR തലത്തിൽ നിജപ്പെടുത്തിയിരുന്നു. ആയതിന് പകരം 2019-ലെ CRZ വിജ്ഞാപനത്തിൽ നിർമ്മാണ പദ്ധതികൾക്ക് നിലവിലുള്ള അംഗീകൃത FSI അനുവദിക്കുന്നതാണ്. ആയത് ഈ മേഖലകളിലെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കനുസരിച്ചുള്ള വികസനപ്രവർത്തനങ്ങൾക്ക് സഹായകരമായിരിക്കും.

II. ജനസാന്ദ്രത കൂടിയ ഗ്രാമീണ മേഖലയിൽ വികസനത്തിന് വലിയ സാധ്യതകൾ:

തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്ന ഗ്രാമ പ്രദേശങ്ങളെ 2 പ്രത്യേക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

എ. CRZ III A:- 2011-ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161-ലേറെ ജനസംഖ്യയുള്ള പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾക്ക് നിലവിൽ നാഗരിക സവിശേഷതകൾ ഉള്ളതിനാൽവികസന നിഷിദ്ധ മേഖല HTL- നിന്നും 200 മീറ്റർ ആയിരുന്നത് 50 മീറ്ററായി നിജപ്പെടുത്തി.

ബി. CRZ III B:- 2011-ലെ സെൻസസ് പ്രകാരം ചതുരശ്രകിലോമീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമ പ്രദേശങ്ങൾ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ വികസന നിഷിദ്ധ മേഖല നിലവിലുള്ളതുപോലെ HTL-ൽ നിന്നും 200 മീറ്റർ എന്ന നിബന്ധന തുടരും.

III. വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ:-

വിനോദ സഞ്ചാര മേഖലയ്ക്കായുള്ള താൽക്കാലിക നിർമ്മാണങ്ങളായ ശൗചാലയങ്ങൾ, വസ്ത്രം മാറുന്നതിനുള്ള മുറികൾ, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, താത്ക്കാലിക ഷെഡുകൾ തുടങ്ങിയവ ബീച്ചുകളിലും. CRZ III-ലെ വികസന നിഷിദ്ധ മേഖലകളിലും (NDZ) പുതിയ വിജ്ഞാപന പ്രകാരം അനുവദനീയമാണ്. എന്നിരുന്നാലും, മേൽ സൗകര്യങ്ങൾ HTL-ൽ നിന്നും 10 മീറ്റർ ദൂര പരിധി പാലിച്ചേ നിർമ്മിക്കാവൂ.

IV. തീരദേശ നിയന്ത്രണ മേഖലയിലെ നിർമ്മാണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

കാര്യക്ഷമമാക്കി.

തീരദേശ നിയന്ത്രണ മേഖലയിലെ അനുവദനീയ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. പരിസ്ഥിതി ലോല മേഖലയിലും (CRZ I) വേലിയിറക്ക രേഖയിൽ നിന്നും കടലിലേക്ക് 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജലപ്രദേശത്തെയും (CRZ IV) പദ്ധതികൾക്കും പ്രവർത്തികൾക്കുമുള്ള നിർമ്മാണാനുമതി നൽകേണ്ടത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം മാത്രമായിരിക്കും. CRZ II, CRZ III മേഖലകളിൽപ്പെടുന്ന പദ്ധതികൾക്കുള്ള നിർമ്മാണാനുമതി ആവശ്യമായ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാന തലത്തിൽ നൽകാവുന്നതാണ്.

V. എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 20 മീറ്ററായി വ്യവസ്ഥ ചെയ്തിരിക്കുന്നു.

സ്ഥല പരിമിതിയുടെയും, ഭൂമിശാസ്ത്ര പ്രത്യേകതകളുടേയും അടിസ്ഥാനത്തിൽ, പ്രധാന തീരങ്ങളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന ദ്വീപുകൾക്കും, കായൽ ദ്വീപുകൾക്കും, ഏകരൂപേണ പരിഗണിച്ച് വികസന നിഷിദ്ധ മേഖല HTL-ൽ നിന്നും 20 മീറ്റർ വരെ ആയി വ്യവസ്ഥ ചെയ്തിരിക്കുന്നു.

VI. പരിസ്ഥിതി ലോല പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന:

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളും, പരിപാലനപദ്ധതികളും CRZ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

VII. മലിനീകരണ നിയന്ത്രണത്തിന് പ്രത്യേക മുൻഗണന:

തീരദേശ മേഖലകളിലെ മലിനീകരണം കുറയ്ക്കുന്നതിനായി, CRZ IB-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യമായ സുരക്ഷാ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ അനുമതി.

VIII. പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ആവശ്യമായ ഇളവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

സെക്ഷൻ ഓഫീസർ